പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5676

09.07.2012-ലെ മറുപടിക്ക്.

## ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (റ്റി.ഇ.റ്റി) നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. റ്റി.ഇ.റ്റി. യോഗ്യത പരീക്ഷ നടത്തിക്കുന്നതിന് അക്കാദമിക് അതോറിറ്റിയായി എസ്.സി.ആർ.റ്റി.യെ ചുമതലപ്പെടുത്തി 01.03.2012ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവാദിയിട്ടുണ്ട്. പരീക്ഷ നടത്തിക്കുന്നതിനുള്ള ഏജൻസിയായി പരീക്ഷാ ഭവനെ ചുമതലപ്പെടുത്തിക്കൊണ്ട് 25.06.2012ലെ ജി.ഒ. (എം.എസ്) 205/12/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ യോഗ്യത നേടിയവരെ ഈ പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴുവാക്കിയിട്ടുണ്ട്; | (ബി) | നെറ്റ്, സെറ്റ്, സി.റ്റി.ഇ.റ്റി എന്നീ യോഗ്യതകളുള്ളവരേയും അതാത് വിഷയങ്ങളിൽ എം.ഫിൽ, പി.എച്ച്.ഡി എന്നിവയുള്ളവരെയും റ്റി.ഇ.റ്റി. യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കികൊണ്ട് 06.06.2012ലെ 31904/ജെ2/12/പൊ.വി.വ. നമ്പർ സർക്കുലർ മുഖേന നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ഈ പരീക്ഷ പാസ്സാകേണ്ടതുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം റ്റി.ഇ.റ്റി. ഒരു അത്യാവശ്യ യോഗ്യതയാണ്. എന്നാൽ സംസ്ഥാനത്ത് റ്റി.ഇ.റ്റി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ കുറവായതിനാലും റ്റി.ഇ.റ്റി. പരീക്ഷ സംസ്ഥാനത്ത് ഈ വർഷം മുതൽ മാത്രമേ നടത്തുന്നുള്ളൂ എന്നതിനാലും പുതിയ ഉദ്യോഗാർത്ഥികൾക്ക് റ്റി.ഇ.റ്റി. പാസ്സാകുന്നതിന് ഒരു വർഷത്തെ ഇളവ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ